കേരള സർക്കാർ

നം.24868/എസി1/08/തസ്വഭവ.

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്,
തിരുവനന്തപുരം, തീയതി:09.07.2014

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - എൽ.എഫ്.എ.സി റിപ്പോർട്ട് - സമിതി പരാമർശം ഒഴിവാക്കുന്ന ഖണ്ഡികകൾക്കുള്ള മറുപടി - നിർദ്ദേശം പുറപ്പെടുവിക്കുന്നതു -സംബന്ധിച്ച്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ റിപ്പോർട്ടുകളിൽ സമിതി പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്ന ഖണ്ഡികകളെ സംബന്ധിച്ച നടപടി വിശദീകരണ പത്രിക നിലവിൽ സമിതിക്ക് നൽകിവരുന്നില്ല. സമിതി പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്ന നിരവധി കേസുകളിൽ സ്വീകരിച്ച വന്ന അച്ചടക്ക നടപടി/RR നടപടി മുതലായ നടപടി ക്രമങ്ങൾ തുടർന്നു വരുന്ന സ്ഥിതി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ആയതിനാൽ സമിതി പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്ന ഖണ്ഡികകൾക്ക് കൂടി നടപടി വിശദീകരണ പത്രിക സമർപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും അറിയിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകളിൽ സമിതി പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്ന ഖണ്ഡികകളെ സംബന്ധിച്ച് നിയമസഭാ സമിതിക്ക് മറുപടി നൽകുന്നതുമായി ബന്ധപ്പെട്ട് താഴെപറയുന്ന നിർദ്ദേശം പുറപ്പെടുവിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി റിപ്പോർട്ടുകളിൽ സമിതി പരാമർശം ഒഴിവാക്കാൻ നിർദ്ദേശിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഖണ്ഡികകളിൻമേൽ തുടർന്നു വന്നിരുന്ന നടപടികൾ അവസാനിപ്പിച്ചതു സംബന്ധിച്ച നടപടി വിശദീകരണ പത്രിക കൂടി അതാതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

പ്രസന്നകുമാരി.എം.സി
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)

എല്ലാ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർമാർക്കും/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും
(ഗ്രാമവികസന കമ്മീഷണർ മുഖേന)

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.

ഐ ആന്റ് പി.ആർ.ഡി.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ് - തദ്ദേശ സ്വയം ഭരണ (എബി, എസി3) വകുപ്പ്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.